4

# പ്രവാസകാലം

## മിസ്രയീമിലെ കുടിയേറിപ്പാർക്കൽ മുതൽ പുറപ്പാടുവരെ

## ബി.സി. 1706-1491 (പുറ. 1-14)

### I. എബ്രായ പ്രവാസ കാലത്തെ മിസ്രയീം.

പുരാതന മിസ്രയീം ചരിത്രത്തെ ചിലപ്പോൾ മൂന്നുകാലങ്ങളായി തിരിക്കാം:

1. **പഴയ സാമ്രാജ്യം.** അജ്ഞാത പുരാതനത്വം മുതൽ ബി.സി. 2100 വരെ.
2. **മദ്ധ്യ അല്ലെങ്കിൽ സ്ഥിരമല്ലാത്ത സാമ്രാജ്യം,** ബി.സി. 2100–1650.
3. **പുതിയ സാമ്രാജ്യം,** ബി.സി. 1650–525. സ്ഥിരമല്ലാത്ത രാജ്യത്തെ നീക്കം ചെയ്തതുമുതൽ പാർസ്യ സാമ്രാജ്യം മിസ്രയീമിനെ അവരിൽ ലയിപ്പിച്ചതുവരെ.

ആദ്യത്തെ കാലയളവിൽ, മെനേസ് മിസ്രയീമിന്റെ താഴ്വശത്തുള്ള ഗോത്രങ്ങളെ ചേർത്തുകൊു, പുരാതനമായ, മെംഫിസ് തലസ്ഥാനമാക്കുകയും, മിസ്രയീമിനെ അങ്ങനെ മുപ്പതി-ഒന്ന് രാജാക്കന്മാർ വാഴുകയും ചെയ്തു. നൂറ്റാുകൾ പിന്നിട്ട് നാലാമത്തെ ഭരണകൂടം വലിയ സമാധിസ്തംഭങ്ങൾ പണിയുകയും ചെയ്തു. അപ്പോഴും ആ കാലയളവിൽ പന്ത്രാമത്തെ ഭരണകൂടം അധികാരം മിസ്രയീമിന്റെ മുകൾഭാഗത്തുള്ള തേബസിന് കൈമാറി, അവിടെയാണ് ആദ്യകാലയളവിലെ ഏറ്റവും മനോഹരമായ യുഗം ആരംഭിക്കുന്നത്.

മദ്ധ്യ സാമ്രാജ്യത്തിലെ ഇടയന്മാരായ രാജാക്കന്മാർ അല്ലെങ്കിൽ ഹൈപ്സോസ് ആസ്യയിൽ നിന്ന് നുഴഞ്ഞുകയറിയ ശേമ്യരായിരുന്നു. പരുഷസ്വഭാവക്കാരായ അപരിഷ്കൃതർ ആദ്യം, കഴിവുള്ള സംഘാടകർ ആയിരുന്നെങ്കിലും, അവരുടെ ഭരണത്തിൻ കീഴിൽ മിസ്രയീം പരിഷ്ക്കാരത്തിന് മങ്ങലേറ്റു.

ആമോസിസ് പുതിയ സാമ്രാജ്യം തുടങ്ങുവാൻ തീരുമാനിച്ചു, അവനായിരുന്നു ഹൈപ്സോസിനെ പുറത്താക്കി പതിനെട്ടാമത്തെ പ്രസിദ്ധമായ ഭരണകൂടം സ്ഥാപിച്ചത്, അതിൽ തോത്മസ് III., എന്ന മിസ്രയീമ്യരുടെ അലെക്സാറും ഉൾപ്പെട്ടിരുന്നു. പത്തൊൻപതാമത്തെ ഭരണം, ഇതിനോടുചേർത്തു, മിസ്രയീം ചരിത്രത്തിലെ ഏറ്റവും മനോഹരമായ ഒരു വംശമായി തീർന്നു. അത് ഒരുപക്ഷെ കൽദയ ദേശത്തുനിന്നുള്ള എബ്രായരുടെ പ്രാരംഭ കുടിയേറ്റ സമയമായിരിക്കാം, അവരുടെ മിസ്രയീമിലേക്കുള്ള കുടിയേറ്റം മദ്ധ്യകാലഘട്ടത്തിന്റെ അവസാനഭാഗത്തും സംഭവിച്ചിരിക്കാം. ഈ വിവരം അബ്രഹാമിന്റെയും, യോസേഫിന്റെയും യാക്കൊബിന്റെയും കാലത്ത് അവരോടുള്ള

ഫറവോന്റെ പെരുമാറ്റത്തെ പരിഗണിക്കുന്നതിന്റെ വിവരം നൽകുന്നു. ശേമ്യർക്ക്, മിസ്രയീമ്യരുടെ വിദേശികളോടുള്ള വെറുപ്പ് അനുഭവപ്പെട്ടിരുന്നില്ല.

### II. ഞെരുക്കൽ.

എബ്രായർക്ക് മിസ്രയീമ്യരോടുള്ള ഉയർന്ന പ്രതിപത്തി കാണിച്ചുകൊാണ് ഉൽപത്തി അവസാനിപ്പിക്കുന്നത്. പുറപ്പാട് ആരംഭിക്കുന്നത് ഒരു അടിമത്വവംശത്തോടുകൂടിയാണ്. മിസ്രയീം ദേശം "ഒരു അടിമത്വ ഭവനമായി തീർന്നു." വിശുദ്ധ ചരിത്രം പോകുന്നതനുസരിച്ച്, ഇടപെടലിനെ സംബന്ധിച്ച് നിശബ്ദ നൂറ്റാുകളായിരുന്നു അവ.[1] ഭരണകൂടങ്ങൾ വരികയും പോകുകയും ചെയ്തു, വിവിധ യുദ്ധങ്ങൾ നടന്നു, മനോഹരമായ ആലയങ്ങൾ, അതിന്റെ ലോകത്തിലുള്ള നാശാവശിഷ്ടങ്ങൾ, ഒരുപക്ഷെ വീും വഴിതിരിക്കാം, എന്നാൽ ദൈവരേഖയിൽ ലോകമഹത്വത്തിന് സ്ഥാനമുായിരുന്നില്ല. ആ സംഭവത്തിൽ വീടെുപ്പ് വാഗ്ദാനം ചെയ്യുന്ന ഒരു പരിണാമ പുരോഗതി ഉാകുന്നതുവരെ പുതുതായൊന്നും സംഭവിച്ചില്ല.

ഒടുവിൽ "യോസേഫിനെ അറിയാത്ത ഒരു രാജാവ് മിസ്രയീം ഭരണത്തിലേക്കു വന്നു" (പുറ. 1:8). ഏറ്റവും വലിയ ഉപകാരങ്ങൾ പെട്ടെന്ന് മറന്നുപോയി. പതിനാലു വർഷക്കാലത്തെ സലാമീസിനുള്ളിൽ, തെമിസ്റ്റോക്കിൾസ് അപ്രത്യക്ഷമായി; പതിനേഴുവർഷക്കാലത്തെ നീ പോരാട്ടം ലൻ വില്ലിങ്ടണിന്റെ ഡൂക്കിൽ നടത്തിയത് സമ്പൂർണ്ണപരാജയമായിരുന്നു. എബ്രായനായ യോസേഫ് നൽകിയതായ വലിയ സേവനത്തെ നൂറ്റാുകൾ മായ്ച്ചുകളഞ്ഞതിൽ നമുക്കു അതിശയിക്കാൻ വിഷമമു്. "പുതിയ രാജാവ്" എന്നത് ഒരുപക്ഷെ വിപ്ലവത്താൽ ശേമ്യരെ മിസ്രയീമിൽ നിന്ന് ഓടിച്ചു, പ്രാദേശികരെ ഭരണത്തിൽ കയറ്റിയതാകാം സൂചിപ്പിക്കുന്നത്. അടിമത്വകാലത്തെയും പുറപ്പാടുകാലത്തെയും ഫറവോന്മാർ ശേത്തീ I. രാമെസസ് II. മെന ഫ്ത്താ എന്നീ രാജാക്കന്മാർ എല്ലാം, പത്തൊൻപതാം ഭരണകൂടത്തിൽ ഉായിരുന്നവർ ആയിരുന്നു. എബ്രായരുടെ പെട്ടെന്നുള്ള വർദ്ധനവിനെ, ശേത്തീ മുന്നറിയിക്കുകയും, ശേമ്യരെ ബലപ്രയോഗത്താൽ കീഴ്പ്പെടുത്തി, എബ്രായരുടെ മനോവീര്യം തകർത്തു. ഇഷ്ടിക കൂടുതൽ ഉാക്കുവാൻ ജോലിഭാരം കൂട്ടുകയും അവന് അതിനാവശ്യമായ സാധനങ്ങൾ നൽകാതിരിക്കുകയും ചെയ്തു; എന്നിട്ടും അവർ വർദ്ധിച്ചുവന്നു. ഒടുവിൽ എല്ലാ എബ്രായ ആൺകുഞ്ഞുങ്ങളെയും നൈൽ നദിയിൽ എറിഞ്ഞുകളവാൻ അവൻ കല്പിച്ചു. പിന്നീടാണ് വിടുവിക്കുന്നവൻ വരുന്നത്.

### III. മോശെയുടെ ജനനവും ദൗത്യവും.

എല്ലാറ്റിലും, ഒരു ദേശസ്നേഹിയും, കവിയും, സ്വാതന്ത്ര്യതൽപരനും, നിയമദാതാവും, ചരിത്രകാരനും ആയ, *മനുഷ്യൻ* ആയിരുന്ന, മോശെ ചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യനായിരുന്നു. പതിനെട്ടും പത്തൊൻപതും ഭരണകൂടങ്ങളിലെ ഫറവോമാർ അവരുടെ ശക്തമായ പ്രവൃത്തികൾ കല്ലിൽ കൊത്തപ്പെട്ടിട്ടു്. എങ്കിലും അവരുടെ പേരുകൾ അടുത്തസമയത്ത് ഉയർത്തെഴുന്നേറ്റ ശവങ്ങളുടെ ഫോട്ടോ പോലെ നിഴലിടുന്നു. ഒരു മതത്തിലെ വംശത്തിന്റെ രേഖയാണ് മോശെ എഴുതിയത്. ദൈവജനത്തെ വിട്ടയക്കുവാൻ കഠിനഹൃദയനായ ഫറവോൻ അനുവദിച്ചപ്പോൾ ആ രാത്രി ഓടിയതായ മോശെയുടെ പേർ മുപ്പത്തി-മൂന്നു നൂറ്റാുകളിൽ ഉള്ളതിനേക്കാൾ

മഹത്തായ ഒന്നായി തീർന്നിരിക്കുന്നു. അവന്റെ ജീവിതം സ്വാഭാവികമായി മൂന്നു തുല്യഭാഗങ്ങളായി ഭാഗിക്കാം: മിസ്രയീമിലെ നാല്പതുവർഷം; മിഥ്യാനിലെ നാൽപ്പതുവർഷ പ്രവാസം; നാൽപതുവർഷം ഒരു വിടുവിക്കുന്നവനായും, യിസ്രായേലിന്റെ സംഘാടകനും നായകനും ആയി. അവന്റെ അവസാന നാൽപതുവർഷത്തെ ചരിത്രം അവന്റെ ആളുകളുടെ ചരിത്രവും, മുഖ്യമായും അടുത്ത കാലയളവിലേക്കും നീങ്ങുന്നു.

1. **മിസ്രയീമിലെ നാൽപതു വർഷം.** – *a. അവന്റെ ജനനവും വിദ്യാഭ്യാസവും.* – ദൈവഭക്തരായ മാതാപിതാക്കൾക്കാണ് മോശെ ജനിച്ചത്, അമ്രാമും യോക്കേബേദും, ലേവി ഗോത്രത്തിൽ പെട്ടവരായിരുന്നു. അവരുടെ മൂത്ത മക്കളായ, മിരിയാമും അഹരോനും, ശേത്തിയുടെ കുലപാതക പ്രഖ്യാപനത്തിനു മുൻപു ജനിച്ചവരാണെന്നു തോന്നുന്നു. മൂന്നാമത്തെ കുട്ടി അങ്ങനെ ആയിരുന്നില്ല. അവന്റെ ജനനം മാതാപിതാക്കൾ മൂന്നു മാസത്തേക്കു രഹസ്യമാക്കി വച്ചു. പിന്നെ രഹസ്യമാക്കൽ അസാധ്യമായപ്പോൾ, ആ സുന്ദരനായ ശിശുവിനെ നൈൽ നദിയിൽ ഒരു പെട്ടകത്തിലാക്കി ഒഴുക്കി. ഫറവോന്റെ മകൾ അതു കാണുകയും, ദത്തെടുത്ത് അവന്ന് മോശെ എന്നു പേരിടുകയും ചെയ്തു. മരിയാം, അതിനെ തുടർന്നു അതിന്റെ വില മനസ്സിലാക്കി, കുഞ്ഞിനു മുല കൊടുക്കുവാൻ, സ്വന്തം അമ്മയെ തന്നെ വരുത്തി. അങ്ങനെ, ദൈവകരുണയാൽ, ഭാവി സ്നേഹിതൻ, മോചിപ്പിക്കുന്നവനും ദേശത്തെ സംഘടിപ്പിക്കുന്നവനും ആയവൻ ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമായ, ബുദ്ധിപരമായ ആചാരത്തിൽ തന്നെ വളർത്തപ്പെട്ടു (പ്രവൃത്തികൾ 7:22), എന്നാൽ, അവന്റെ എബ്രായ സ്ത്രീയായിരുന്ന അമ്മ ലോകത്തിൽ പിന്നീടു ഏറ്റവും ഉയർന്ന ആത്മീയവിശ്വാസമുള്ളവളായി തീർന്നു.

*b. മോശെയുടെ തിരഞ്ഞെടുപ്പ്.* – മോശെ പുരുഷത്വത്തിലേക്കു ഉയർന്നു. അവന്റെ എബ്രായ ജനനം രഹസ്യമായിരുന്നു. ഒരു മിസ്രയീം യജമാനൻ ഒരു എബ്രായനെ അടിക്കുന്നതു കണ്ടപ്പോൾ, അവൻ മിസ്രയീമിനെ കൊല്ലുകയും, അവന്റെ ശവശരീരം മണലിൽ കുഴിച്ചിടുകയും ചെയ്തു. അനീതി കുകൊ വെറുതെ നോക്കിയിരിക്കാവുന്ന രക്തമായിരുന്നില്ല മോശെയിൽ ഒഴുകിയിരുന്നത് എന്നതിൽ സംശയമില്ല. എന്നാൽ ആ പ്രവൃത്തി നൈമിഷികമായ വികാരത്താലുമായിരുന്നില്ല. എബ്രാ. 11:24–26 ൽ നിന്നും പ്രവൃത്തികൾ 7:23–25 ൽ നിന്നും രുകാര്യങ്ങൾ വ്യക്തമാണ്: (1) അവൻ മന:പൂർവ്വമായും സ്വയമായും മിസ്രയീമിൽ എല്ലാ രാജകീയമായ അവസ്ഥയും ആസ്വദിക്കാമായിരുന്നു, അതേ സമയം അവന്റെ സഹോദരന്മാർ സാധാരണ അടിമകളായിരുന്നു; (2) അവൻ യിസ്രായേലിൽ എഴുന്നേറ്റു അവരെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുവാൻ തുനിഞ്ഞു. എന്നാൽ അതിനുപറ്റിയ സമയം ആയിരുന്നില്ല, അവനോ അവന്റെ ആളുകളോ അതിനു തയ്യാറായിരുന്നില്ല. ഭാരം കൂടുതൽ അസഹനീയമാകുകയും, മോശെ തന്നെ ആ വലിയ ജോലിക്ക് അച്ചടക്കം വരുത്തുകയും ചെയ്തു. മിസ്രയീം കലയുടെയും ശാസ്ത്രത്തിന്റേയും നല്ല സ്കൂളിനു പേരുകേട്ടിരുന്നു; അവന്റെ അമ്മയുടെ കാൽക്കൽ ഇരുന്നു മതത്തിന്റെ പ്രാഥമിക പാഠങ്ങൾ അവൻ അഭ്യസിച്ചിരുന്നു; എന്നാൽ തന്റെ ഉന്നതമായ ദൗത്യത്തിനു അവൻ തയ്യാറാകുന്നതിനു മുൻപു അവൻ തന്നത്താൻ ദൈവവുമായി ചിലവിടേയിരുന്നു. മിഥ്യാൻ മരുഭൂമിയിലും സീനായി പർവ്വതത്തിലെ ഏകാന്തതയിലും, അവന്റെ ഗുരുവായ ദൈവവുമായി, അവൻ തന്റെ സർവ്വകലാശാല കത്തെുകയും, അവന്റെ ഡിപ്ലോമ നേടുകയും ചെയ്തു.

**2. മിഥ്യാനിലെ നാൽപതുവർഷം.** – ചെങ്കടലിനുകിഴക്കുള്ള, മിഥ്യാനിലേക്ക് മോശെ ഓടിപ്പോകുന്നു. ഒരു ദിവസം വൈകുന്നേരം കിണറിന്റെ കൽപ്പടിയിൽ ഇരിക്കുമ്പോൾ, മിഥ്യാൻ പുരോഹിതനായ ഇത്രോയുടെ ഏഴു പെൺമക്കൾ, അവരുടെ ആടുകൾക്ക് വെള്ളം കൊടുക്കുവാൻ, അവിടെ വന്നു. ചില പരുഷസ്വഭാവക്കാരായ ബേദോയിൻ ആട്ടിടയന്മാർ അവരുടെ ആട്ടിൻകൂട്ടത്തെ ഓടിച്ചു കളഞ്ഞു. ഞെരുക്കപ്പെട്ട അവിവാഹിതകളായവർക്കുവേിയുള്ള മോശെയുടെ പരാക്രമം, അവന്റെ ഞെരുക്കപ്പെട്ട സഹോദരന്മാർക്കുവേി കാണിച്ച പരാക്രമത്തെക്കാൾ മോശെയുടെ വികാരം, ഒട്ടും കുറവുള്ളതായിരുന്നില്ല. തക്കസമയത്ത് വന്ന അഭയാർത്ഥിയായ "മിസ്രയീമ്യൻ" അനുകൂലമായ ആ മുഖമെന്ന് തെളിയിച്ചു. അവൻ യിത്രോയുടെ മകളായിരുന്ന, സിപ്പോരയെ വിവാഹം കഴിക്കുന്നു. നാൽപതുവർഷത്തോളം അവൻ മിഥ്യാനിൽ ഒരു ശാന്തനായ ഇടയനായി കഴിയുന്നു. അവിടെ അവൻ കർക്കശമായ ഒരു ദേശത്തെ പരിചയപ്പെടുകയും അങ്ങനെ അവൻ തന്റെ ജനത്തെ വാഗ്ദാനദേശത്തേക്കു നയിക്കുകയും ചെയ്തു. അവസാനം ദൈവം അവനു മുൾപടർപ്പിൽ പ്രത്യക്ഷനായി. "അബ്രഹാമിന്റെയും, യിസഹാക്കിന്റെയും, യാക്കോബിന്റെയും[2] ദൈവമായ" യഹോവയാണ് താൻ എന്ന് അവന്ന് വെളിപ്പെടുത്തുകയും, പിതാക്കന്മാരുടെ കാലയളവിൽ കൊടുത്തിരുന്ന നിയമത്തെ പുതുക്കികൊടുക്കുന്നതിൽ പങ്കുചേരുകയും മോശെയെ യിസ്രായേലിന്റെ വിടുവിപ്പുകാരനായി നിയോഗിക്കപ്പെടുകയും ചെയ്തു. മോശെ, ഭീരുവായും വിക്കനായും വളർന്നു, കോടതികളുടെയും രാജാക്കന്മാരുടെയും മുൻപിൽ പോകേ ദൗത്യത്തിൽ നിന്നു അവൻ ഒഴിഞ്ഞുമാറുവാൻ തുടങ്ങി. എന്നാൽ, അസാധാരണമായ അടയാളങ്ങളോടും അയിത്തങ്ങളോടും ദൈവത്തിൽനിന്ന് അവനുലഭിച്ച അംഗീകാരങ്ങളോടും കൂടെ, അഹരോനെ അവന്റെ വക്താവായിട്ടും ദൗത്യ നിയോഗത്തിനായി, മോശെ മിസ്രയീമിലേക്കു മടങ്ങുകയും ചെയ്തു.

### IV. വലിയ മത്സരം.

ഇനിയാണ് ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മത്സരം നടക്കുന്നത്. മോശെ മിഥ്യാൻ വിട്ടപ്പോൾ അഹരോനെ കുമുട്ടുന്നു. അവർ ഒരുമിച്ച് അവരുടെ സ്വന്ത ജനത്തിന്റെ മൂപ്പന്മാരുടെ അടുക്കലേക്കു പോയി, അവരുടെ ദൗത്യം അറിയിക്കുകയും, നിശ്ചയിച്ച അടയാളങ്ങളാൽ ഉറപ്പിക്കുകയും ചെയ്തു. ഞെരുക്കത്തിലായിരുന്ന ആളുകൾ അവരുടെ ദൗത്യത്തെ സ്വീകരിക്കുകയും, അവരുടെ പിതാക്കന്മാരുടെ ദൈവത്തിന്റെ നിയമത്തിൻമുൻപിൽ അവർ ആദരവോടെ വണങ്ങുകയും ചെയ്തു. അവർ ഫറവോന്റെ അടുക്കൽ ആദിമാത്ര വിജയിച്ചില്ല. യഹോവക്കു യാഗം കഴിക്കുവാൻ മൂന്നു ദിവസത്തെ വഴിദൂരമുള്ള മരുഭൂമിയിൽ പോകുവാൻ ദൈവജനത്തെ അയക്കേണമെന്ന് യഹോവയുടെ നാമത്തിൽ അവർ അപേക്ഷിച്ചു. ഫറവോനും, അവന്റെ ആളുകൾക്കും, അവരെ വിട്ടയക്കുന്ന ആവശ്യം അത്ര സ്വീകാര്യമായി തോന്നിയില്ല. അതിന്റെ ആദ്യഫലം അവരുടെ ചങ്ങലക്കണ്ണികൾ മുറുക്കുകയും ഭാരം കൂട്ടുകയും ചെയ്തു. ഫറവോന്റെ കാഠിന്യത്തോടുകൂടിയുള്ള നിരസിക്കലും, സഹോദരന്മാരോടു അവർ കാണിക്കുന്ന നിന്ദയും കയ്പ്പും, മോശെയുടെ വികാരത്തെ വ്രണപ്പെടുത്തി. തുടർന്ന് പത്തുബാധകൾ അല്ലെങ്കിൽ, "വിപത്തു" കൾ അതിനെ തുടർന്ന് ഓരോന്നായി സംഭവിച്ചു: വെള്ളം രക്തമായി, തവളകൾ, പേൻ, ഈച്ചകൾ, പകർച്ചവ്യാധി, പരുക്കൾ, ആലിപ്പഴം, വെട്ടുകിളി, ഇരുട്ട്,

ആദ്യജാതന്മാരുടെ മരണം.

1. **മത്സരത്തിന്റെ സ്വഭാവം.** – അടിമവംശത്തിന്റെയും അവരെ ഞെരുക്കി ഇരുന്നവരും തമ്മിലുള്ള വെറുമൊരു മത്സരമായിരുന്നില്ല അത്; പിന്നെയോ മോശെയും ഫറവോനും തമ്മിലുള്ളതായിരുന്നു. അത് മിസ്രയീം ദേവന്മാരും യഹോവയും തമ്മിലുള്ള വിവാദമായിരുന്നു. ഓരോ ബാധയും മിസ്രയീമ്യർക്ക് സ്വാഭാവിക കീടങ്ങളായിരുന്നു; എങ്കിലും അവയുടെ അത്ഭുത സ്വഭാവം പല സാഹചര്യങ്ങളിലും കാണപ്പെട്ടു: അവയുടെ വലിപ്പം, വളരെ പെട്ടെന്ന് ഉാകുന്ന വർദ്ധന; മോശെയുടെ വാക്കുകൾ അനുസരിച്ചു അവ വരുകയും പോവുകയും ചെയ്യുന്നു; ആദ്യത്തെ മൂന്നിലൊന്നും യിസ്രായേലിനെ മാറ്റിനിർത്തി; അവസാനം, ഓരോന്നും ചില രീതിയിൽ മിസ്രയീം വിഗ്രഹാരാധനയെ തകർക്കുന്നതായിരുന്നു.

2. **മത്സരത്തിന്റെ ആവശ്യം.** – ദൈവത്തിന്റെ ആത്മീകതയ്ക്കും ഐക്യതക്കുമായി ഒരു വംശത്തെ മാത്രമാണ് ഭൂമിയിൽ അന്ന് തിരഞ്ഞെടുത്തത് എന്ന് ഓർക്കുക; എന്നാൽ അവർ അടിമകളായിരുന്നതുകൊ് അവരുടെ വിശ്വാസവും ദേശീയ അംഗീകാരവും ഒരിക്കൽ നഷ്ടപ്പെടുമെന്ന ഭീതിയിലായി. സംഖ്യയും, ധനവും, സംസ്കാരവും, അധികാരവും, നൂറുമുതൽ ഒന്നുവരെ, അവർക്കെതിരായി തീർന്നിരുന്നു. അവർ ഒരിക്കലും നഷ്ടപ്പെടുകയില്ല എന്ന് അവരെ പഠിപ്പിക്കേതുായിരുന്നു; – നഷ്ടപ്പെട്ടതുമില്ല. മിസ്രയീമിലെ വിഗ്രഹങ്ങൾ പൂഴിക്കിരയായി അല്ലെങ്കിൽ പ്രാചീന വസ്തുക്കളെ അലങ്കരിക്കുന്ന കാഴ്ച്ചബംഗ്ലാവിലായി; സംസ്കാരമുള്ള ലോകം യിസ്രായേലിന്റെ ദൈവത്തെ ആരാധിക്കുവാൻ തുടങ്ങി. മിസ്രയീമിലെ അത്ഭുതങ്ങളും അടയാളങ്ങളും എബ്രായ സാഹിത്യത്തിൽ നിറഞ്ഞുനിന്നു. ബഹുദേവതമാരെ ആശ്ലേഷിച്ചിരുന്ന എല്ലാവരുടെയും മദ്ധ്യത്തിൽ പരീക്ഷിക്കപ്പെട്ട യിസ്രായേൽ അവരുടെ പൂർവ്വിക വിശ്വാസത്തെ പിടിച്ചുനിന്നതുകൊു അവരുടെ ദേശീയബോധം രൂഢമൂലമായി തീർന്നു.

3. **മത്സരത്തിന്റെ അവസാനം.** – അവസാന വിപത്തുവരുന്നു. മരണദൂതൻ ഓരോ മിസ്രയീമിന്റെ വാതിൽക്കലും മുട്ടുന്നു, കുടിൽതൊട്ടു കൊട്ടാരംവരെയുള്ള, ആദ്യജാതന്മാർ മരിച്ചുവീഴുന്നു. എന്നാൽ വിനയമുള്ള എബ്രായരുടെ ഭവനങ്ങൾ സുരക്ഷിതമായിരുന്നു. ദൈവത്തോടുള്ള അനുസരണത്തിൽ, അവർ പെസഹ ആചരിച്ചു. കുഞ്ഞാട് അറുക്കപ്പെട്ടു; അതിന്റെ രക്തം എബ്രായ വിശ്വാസത്തിന്റെ അടയാളമായി വാതിൽ പടിമേൽ തളിക്കപ്പെട്ടു. മർമ്മദൂതൻ ആ വീടുകളെ ഉപദ്രവിക്കാതെ കടന്നുപോകയും അവരെല്ലാം പെസഹാപെരുന്നാൾ ആചരിക്കുകയും ചെയ്തു. മിസ്രയീമിൽ ഉടനീളം ഒരു വലിയ നിലവിളി ഉയർന്നു. പ്രതിബന്ധം നീങ്ങുകയും, യിസ്രായേൽ സ്വാതന്ത്ര്യത്തിലേക്ക് ഓടുകയും ചെയ്തു. അവസാനം ഒരിക്കൽ കൂടെ ഫറവോന്റെ ഹൃദയം കഠിനപ്പെട്ടു. അവൻ അവരെ പിൻതുടരുന്നു; യിസ്രായേൽ പർവ്വതങ്ങളുടെ മലിനതയിൽ പെടുന്നു, അവരുടെ മുൻപിൽ ചെങ്കടലായിരുന്നു; കടൽ ഭാഗിക്കുന്നു; യിസ്രായേൽ അതിലെ കടന്നു രക്ഷപ്രാപിച്ചു; മിസ്രയീമ്യർ പിന്തുടരുകയും, കടൽ[3] വീും ഒന്നാകുകയും അവരെ വിഴുങ്ങുകയും ചെയ്തു.

## V. മിസ്രയീമിലെ യാത്രയുടെ ഫലം

മിസ്രയീമിലെ അടിമത്വം കൈപ്പേറിയതായിരുന്നതുപോലെ, അത് പ്രധാന ഫലങ്ങൾ ഉളവാക്കുന്നു്.

**1. അത് യിസ്രായേലിനെ ഒരു ദേശമാക്കി തീർത്തു.** – അവർ മിസ്രയീമിൽ പ്രവേശിച്ചത് സ്ഥിരതാമസമില്ലാത്ത പന്ത്രു കുടുംബങ്ങളുടെ ഒരു കൂട്ടമായിട്ടായിരുന്നു. യാക്കോബും അവന്റെ നേരിട്ടുള്ള പിൻഗാമികളുമായി അപ്പോൾ എണ്ണപ്പെട്ടത് എഴുപതുപേരായിരുന്നു. ദാസന്മാർ അടക്കം, ആ ഗോത്രം മുഴുവനും രായിരമോ അല്ലെങ്കിൽ മൂവായിരമോ ആയി. അവർ കനാനിൽ തന്നെ ആയിരുന്നുവെങ്കിൽ, തീർച്ചയായും ഒരു ഡസനോളം ഗോത്രങ്ങൾ ദയനീയമായി അലഞ്ഞുതിരിയുമായിരുന്നു. തിങ്ങിപാർക്കുന്ന ആളുകളുടെ ഒരു ദേശത്ത്, കഠിനമായ ഞെരുക്കമുായിരുന്നപ്പോൾ, അവർ ഒരു ദേശമായി സംയോജിക്കപ്പെട്ടു.

**2. അത് അവരെ സംസ്ക്കാരമുള്ളവരാക്കി.** – അവർ കനാൻ വിട്ടത് സ്ഥിരവാസമില്ലാതെ ആയിരുന്നു. അവർക്കുായിരുന്ന സംസ്ക്കാരത്തെ സംബന്ധിച്ച് നാം മുകളിൽ കുകഴിഞ്ഞു. എന്നാൽ അവർക്കു മിസ്രയീമിൽ വെറും ആട്ടിടയന്മാരായി തുടരുവാൻ കഴിഞ്ഞിരുന്നില്ല. മിസ്രയീം, എല്ലായ്പ്പോഴും, ഒരു കാർഷിക രാജ്യമായിരുന്നു. അതിലുപരിയായി, അത് ആയിരക്കണക്കിന് വർഷങ്ങളോളം, ലോകത്തിന്റെ ബുദ്ധിവിഷയകമായ ജീവിതത്തെയും, ഭൗതിക സംസ്കാരത്തെയും നയിച്ചുകൊിരുന്നു. അത്തരം ഒരു സ്കൂളിൽ ദീർഘയാത്ര ചെയ്തതിന്റെ ഗുണം ലഭിക്കുവാൻ എബ്രായർക്ക് അധികം കഴിഞ്ഞില്ല. പ്രത്യേകിച്ച്, മോശെ, "മിസ്രയീമ്യരുടെ സകലജ്ഞാനത്തിലും വിവേകത്തിലും വളർന്നു" (പ്രവൃത്തികൾ 7:22); എന്നാൽ അവനുകീഴിൽ പ്രാഗത്ഭ്യമുള്ള ഉപസേനാപതിമാർ ഉായിരുന്നതുകൊു സമാഗമനകൂടാരത്തിന്റെ നിർമ്മാണപ്രക്രിയക്ക് ഉപയോഗപ്പെട്ടു (പുറ. 25-40).

**3. അവസാന സംഭവങ്ങൾ അവരെ ദേശീയ വിശ്വാസത്തിൽ ഉറപ്പിച്ചു.** – അവർ മിസ്രയീമിൽ സ്ഥിരമായി പാർത്തിരുന്നു എങ്കിൽ, അവസാനം അവരുടെ ദേശീയ വിശ്വാസവും അംഗീകാരവും നഷ്ടപ്പെടുമായിരുന്നു. എന്നാൽ യിസ്രായേൽ ഒരിക്കലും മറക്കാത്ത പാഠങ്ങൾ ബോർഡിൽ എഴുതുന്ന വിധത്തിൽ യഹോവ മിസ്രയീമിൽ പ്രവർത്തിച്ചു.[4] ആവർത്തിച്ച് വിഗ്രഹാരാധനയിലേക്ക് അവർ വീും അകപ്പെട്ടിട്ടും, പിൽക്കാലത്ത് അവരുടെ ദേശീയവിശ്വാസത്തിൽ അവർ സത്യമുള്ളവരായിരുന്നു. ഇപ്പോൾ അവർ കനാനിൽ മടങ്ങിവന്നു അതിനെ കീഴ്പ്പെടുത്തി ഇരുനൂറു വർഷത്തേക്ക് കൈവശമാക്കേിയിരിക്കുന്നു, അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കൊബിന്റേയും യാത്ര തീർത്ഥയാത്രയായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ഏതാനും ദിവസത്തെ യാത്രകൊു അവർ കനാനിൽ എത്തുമായിരുന്നു. എന്നാൽ സംഘടനാപ്രവൃത്തിയും നാല്പതു വർഷത്തെ അച്ചടക്കവും ഇടക്ക് അവർ വാഗ്ദാനദേശത്ത് പ്രവേശിക്കുന്നതിനു ആവശ്യമായിരുന്നു.

---

കുറിപ്പുകൾ

[1]മിസ്രയീമിലെ അവരുടെ യാത്രയുടെ ദൈർഘ്യം ഒരു പരിഹരിക്കാത്ത പ്രശ്നമായിരുന്നു. എബ്രായ ബൈബിൾ അതു നാനൂറു വർഷമായും (കൂടുതൽ കൃത്യമായി, നാനൂറ്റി മുപ്പതു) വർഷങ്ങൾ, *ഒ. വാ.* ഉൽപ. 15:13; പുറ. 12:40, 44; പ്രവൃത്തികൾ 7:6. പുറ. 12:40, 41-ന്റെ സെപ്റ്റ്വജിന്റിൽ, പൗലൊസ് അതു ഗലാ. 3:17-ൽ പറയുന്നു, അതിൽ കനാനിലെ പിതാക്കന്മാരുടെ നാനൂറ്റി മുപ്പതു വർഷത്തെ അലഞ്ഞുതിരിയലുൾപ്പെടുന്നു്. [2]പുറ. 3:6. [3]കടന്നു-പോകുന്ന സ്ഥലത്തെക്കുറിച്ചു നന്നായി വിവരിക്കുവാൻ, നോക്കുക മെക്ക്ഗാർവെയുടെ "ലാൻഡ്സ് ഓഫ് ദ ബൈബിൾ," പിപി. 438-443. [4]ഡീനിന്നു "കൈപ്പണി" ആയിരുന്നു.